**File No.FWLD-D1/198/2019-FWLD**

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**5675** **02.07.2019** ൽ മറുപടിയ്ക്ക്.

മറുപടിയ്ക്ക്

വനം വകുപ്പ് അപേക്ഷകൾ ഓൺലൈനാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.ബാബു | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും<br>വകുപ്പുമന്ത്രി) |
|---|---|---|
| (എ) | വനം വകുപ്പിലേക്ക് സമർപ്പിക്കേണ്ട ഏതെല്ലാം അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ)വനം വകുപ്പിലേക്ക് സമർപ്പിക്കുന്ന താഴെ പറയുന്ന അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നത്.<br>1. വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന വിളനാശം, ജീവഹാനി, പരിക്ക്, കന്നുകാലികളുടെ നഷ്ടം, വസ്തുവകകളുടെ നാശം, വീടിനുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷ.<br>2. മില്ല്, തടിയധിഷ്ഠിത വ്യവസായങ്ങൾക്കുള്ള എൻ.ഒ.സി-യ്ക്കുള്ള അപേക്ഷ<br>3. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള അപേക്ഷ |
| (ബി) | ലാന്റ് എൻ.ഒ.സി., മില്ല് എൻ.ഒ.സി. എന്നിവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈൻ മുഖാന്തരമാണോ സ്വീകരിക്കുന്നത്; | (ബി)ലാന്റ് എൻ.ഒ.സി-യുടെ അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നില്ല. മില്ല് എൻ.ഒ.സി-ക്കുള്ള അപേക്ഷ സർക്കാരിന്റെ ഓൺലൈൻ സംവിധാനമായ K.Swift (Single Window Interface for Fast & Transparent Clearance) മുഖാന്തിരം സമർപ്പിക്കുവാൻ സാധ്യമാണ്. |
| (സി) | അല്ലെങ്കിൽ, ഇത്തരം അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) ലാന്റിന്റെ എൻ.ഒ.സി അപേക്ഷകൾ പ്രാദേശികമായി മാത്രം വരുന്നതും നിയമപ്രശ്നങ്ങൾ ഉൾപ്പെടുന്നതുമാകയാൽ ആയവ ഓൺലൈൻ സംവിധാനത്തിലാക്കുവാൻ നിലവിൽ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ